**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **14-01-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ ആക്രമണം മൂലമുള്ള കൃഷിനാശവും ജീവഹാനിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. സി.കെ. ഹരീന്ദ്രൻ ,<br>ശ്രീ. കെ .ഡി .പ്രസേനൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങി വ്യാപകമായ കൃഷിനാശം ഉണ്ടാക്കുന്നതും ആളുകൾക്ക് ജീവഹാനിയും ഗുരുതര പരിക്കുകളും സംഭവിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കഷിയ്ക്കും നാശനഷ്ടം ഉണ്ടാക്കുന്ന വന്യജിവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.- 1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൌരോർജ്ജവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവയുടെ നിർമ്മാണം; 2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച് വിടടന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളെ സജ്ജമാക്കൽ; 3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം; 4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ; 5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ; 6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ; 7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന |

| | | | |
|---|---|---|---|
| | | | വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ; 8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ; 9 . മനുഷ്യ-വന്യജിവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ രൂപികരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ; കൂടാതെ, കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കാൻ പുതിയ മാർഗ്ഗനിർദ്ദേശം പ്രഖ്യാപിച്ച് 11/01/2021-ൽ സ.ഉ.(സാധാ) 05/2021/വനം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് വിവിധ മേഖലകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള പരാതികളും നിർദ്ദേശങ്ങളും സജീവമായി പരിഗണിച്ച് കർഷകർ നേരിടുന്ന ഈ പ്രതിസന്ധിയിൽ നിന്നും അവരെ രക്ഷിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | ഉണ്ട്. കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കഷിയ്യും നാശനഷ്ടം ഉണ്ടാക്കുന്ന വന്യജിവികളിൽനിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട.- 1. വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസ പ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൌരോർജ്ജവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവയുടെ നിർമ്മാണം; 2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടടന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകളെ സജ്ജമാക്കൽ; 3. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം; 4 . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ; 5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ; 6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ |

| | | | |
|---|---|---|---|
| | | | അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ; 7. വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ; 8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ; 9 . മനുഷ്യ-വന്യജിവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ രൂപികരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ; കൂടാതെ, കാട്ടിൽനിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നശിപ്പിക്കാൻ പുതിയ മാർഗ്ഗനിർദ്ദേശം പ്രഖ്യാപിച്ച് 11/01/2021-ൽ സ.ഉ.(സാധാ) 05/2021/വനം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വന്യമൃഗ ശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രതിരോധമാർഗ്ഗങ്ങൾ സജ്ജീകരിച്ച് ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുവാൻ എന്തെങ്കിലും പ്രത്യേക പദ്ധതി ആസൂത്രണം ചെയ്യുവാൻ സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (സി) | വന്യമൃഗ ശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രതിരോധ മാർഗ്ഗങ്ങൾ സജ്ജീകരിച്ച് ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൌണ്ടേഷനും സംയുക്തമായി പഠനം നടത്തിവരുകയാണ്. ടി പഠന റിപ്പോർട്ട് കിട്ടിയതിനുശേഷം പ്രത്യേക പദ്ധതി ആസൂത്രണം ചെയ്യുന്നതാണ് |
| (ഡി) | ഈ വിഷയം സംബന്ധിച്ച് വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും സംയുക്തമായി പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | വന്യമൃഗ ശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ഫലപ്രദമായ രീതിയിൽ പ്രതിരോധ മാർഗ്ഗങ്ങൾ സജ്ജീകരിച്ച് ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൌണ്ടേഷനും സംയുക്തമായി പഠനം നടത്തിവരുകയാണ്. ടി പഠന റിപ്പോർട്ട് കിട്ടിയതിനുശേഷം പ്രത്യേക പദ്ധതി ആസൂത്രണം ചെയ്യുന്നതാണ് |

സെക്ഷൻ ഓഫീസർ